മത്സ്യസംസ്ക്കരണ രംഗത്തെ പുതിയ പദ്ധതികൾ

3 (3642) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസംസ്കരണ രംഗത്ത് പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ജനകീയ മത്സ്യകൃഷിയുടെ വികസനത്തോടൊപ്പം അവയ്ക്ക് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) മൊബൈൽ മത്സ്യവിപണന രീതി വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. തൊഴിൽരഹിതരായ ചെറുപ്പക്കാർ ഒറ്റയ്ക്കും കൂട്ടായും ആട്ടോ കാരിയർ, ടൂ-വീലർ മുതലായവയിൽ മത്സ്യം ശേഖരിച്ച് ഹൗസിംഗ് കോളനികൾ കേന്ദ്രീകരിച്ച് മത്സ്യവിൽപ്പന നടത്തി വരുന്നു. പച്ച മത്സ്യം ഡ്രസ്സ് ചെയ്ത് പോളിത്തീൻ പായ്ക്കറ്റുകളിലാക്കി വീടുകളിലെത്തിക്കുന്ന സംവിധാനവും നടന്നു വരുന്നു. കൂടാതെ, ലാന്റിംഗ് സെന്ററുകളിൽ നിന്നും ശേഖരിക്കുന്ന മത്സ്യം, മത്സ്യഫെഡിന്റെ വനിതാ ബസ്സുകളിൽ വിവിധ കേന്ദ്രത്തിൽ വച്ചും അവിടെനിന്നും തലച്ചുമടായി വീടുകളിലെത്തിച്ചും മത്സ്യ വിപണനം നടത്തി വരുന്നു.

ട്രോളിംഗ് നിരോധനം

4 (3643) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ;

(ബി) ട്രോളിംഗ് മൂലം മത്സ്യബന്ധനത്തിൽ കുറവ് വരുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ട്രോളിംഗ് നിരോധനം നിലവിലുണ്ടെങ്കിലും ഈ സമയങ്ങളിൽ തന്നെ ആഴക്കടൽ മത്സ്യബന്ധനം നടക്കുന്നതുകൊണ്ട് മത്സ്യ സമ്പത്ത് ശോഷിച്ചുപോകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്, 1988 മുതൽ.

(ബി) ഉണ്ട്, അതിന്റെ അടിസ്ഥാനത്തിലാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ ടെറിട്ടോറിയൽ വാട്ടേഴ്സിൽ (തീരത്തുനിന്നും 22 കി. മീ. അകലെ) മാത്രം നിരോധനം ഏർപ്പെടുത്തുവാൻ മാത്രമേ സംസ്ഥാന സർക്കാരിന് അധികാരമുള്ളൂ. കേരള തീരത്തെ മൺസൂൺകാല ട്രോളിംഗ് നിരോധന സമയത്ത് കേരളത്തിന്റെ എക്സ്ക്ലൂസീവ് എക്കണോമിക് സോണിലും (അതായത് തീരത്തു നിന്നും 350 കി. മീ ദൂരം) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനത്തെ ട്രോളിംഗ് നിരോധന സമയത്ത് ആഴക്കടൽ മത്സ്യ ബന്ധനം നിരോധിച്ചുകൊണ്ട് കേന്ദ്ര സർക്കാർ 1995 (കൊച്ചിൻ ബേസിൽ മാത്രം) 1996, 1997, 1998, 1999 വർഷങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സഹായധനം

5 (3644) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന സഹായധനം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ ;

(സി) വീടുവയ്ക്കാൻ ഭൂമി ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സഹായം നൽകുന്ന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ എത്ര റോഡുകൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കാമോ ;

(ഇ) ഏതെല്ലാം റോഡുകളുടെ പണി ആരംഭിച്ചെന്നും മറ്റ് റോഡുകളുടെ പണി എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 35,000 രൂപ.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly